LIBRARY ARCHIVES Kerala Legislative Assembly

മഞ്ചേരിയിൽ ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ

140 [1550] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ അനുവദിച്ച ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവിടെ എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 14

(സി) ചോദ്യം ഉദിക്കുന്നില്ല.

സർവ്വകലാശാലകളുടെ സിലബസ് ഏകീകരണം

141 [1551] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ സിലബസ് ഏകീകരിക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) സർവ്വകലാശാലകളുടെ സിലബസ് ഏകീകരിക്കുന്നതിന്റെ ഭാഗമായി സർവ്വകലാശാല ധനസഹായ കമ്മീഷൻ ചില നിർദ്ദേശങ്ങൾ എല്ലാ സർവ്വകലാശാലകളിലും നടപ്പിലാക്കുന്നതിനായി നൽകിയിട്ടുണ്ട്. യു.ജി.സി.-യുടെ മോഡൽ കരിക്കുലം അനുസരിച്ച് സിലബസ് പരിഷ്കരിക്കുന്ന കാര്യം തീരുമാനിക്കുന്നത് സർവ്വകലാശാലകളുടെ അക്കാദമിക് കൗൺസിൽ ആണ്. പ്രൊഫഷണൽ കോഴ്സുകളെ സംബന്ധിച്ചിടത്തോളം മോഡൽ കരിക്കുലം തയ്യാറാക്കുന്നത് അതത് ദേശീയ കൗൺസിലുകളാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് സർവ്വകലാശാലകൾ പ്രൊഫഷണൽ കോഴ്സുകൾക്കുള്ള സിലബസ് തയ്യാറാക്കുന്നത്. വിവിധ സർവ്വകലാശാലകളുടെ സിലബസുകളുടെ ഏകീകരണത്തിലൂടെയുള്ള സമാനത കൈവരുന്നതിന് ഇനിയും കാലതാമസമുണ്ടാകും.